സ്കാർലെട് സെന്റക്ലെയറിന്റെ "എ ടച് ഓഫ് ഡാർക്നെസ്സ് " എന്ന നോവലിന്റെ ആസ്വാദനം . നീന പനക്കൽ

## Chapter 1 Narcissus (നാർഷിസസ് )

—----------------------------------

എല്ലാ ദേവന്മാർക്കും ദേവതകൾക്കും നെറ്റിയിൽ മുളച്ച കൊമ്പുകളുണ്ട് . മനോഹരമായ കൊമ്പുകൾ. പെർസെഫനി അവളുടെ അമ്മയോട് കടം വാങ്ങിയ മാന്ത്രിക ശക്തി (മാജിക്) കൊണ്ട് തന്റെ കൊമ്പുകളും, പച്ചനിറത്തിൽ തീക്ഷ്ണതയുള്ള കണ്ണുകളും , മനുഷ്യർക്ക് കാണാനാവാത്ത വിധം മറച്ചു വെക്കും .

മരിച്ചവരുടെ ദേവനായ ഹെയ് ഡിസ് നടത്തുന്ന ക്ലബ്ബ്കളിൽ പെർസെഫനി പോയിട്ടില്ല .'നെവെർനൈറ്റ് ' ക്ലബ്ബിൽ പോകാൻ തനിക്ക് ആഗ്രഹം ഉണ്ടെന്ന് കൂട്ടുകാരിയായ ലെക്സാ പറയുമ്പോഴെല്ലാം പെർസെഫനി അവളെ
നിരുത്സാഹപ്പെടുത്താറാണ് പതിവ് . ക്ലബ്ബിനകത്ത് കയറാൻ അപേക്ഷ കൊടുത്ത് ആറുമാസം വരെ കാത്തിരിക്കണമത്രേ ടിക്കറ്റു കിട്ടാൻ. വേറെ ജോലിയില്ലാത്തതു പോലെ .

കോളേജിനടുത്ത് ഒരു അപ്പാർട്ട്മെന്റിൽ ലെക്സായോടൊപ്പം താമസിക്കയാണ് പെർസെഫനി . ലെക്സാക്ക് അറിയില്ല പെർസെഫനി ഒരു ദേവത യാണെന്ന്. പതിനെട്ടു വയസ്സ് വരെ ഡെമറ്റർ ദേവി മകളെ ഒരു കണ്ണാടിക്കൂട്ടിലിട്ട് വളർത്തുകയായിരുന്നു. .അവൾക്ക് കൂട്ടുകാരായി ഉണ്ടായിരുന്നത് ,ദേവിയുടെ കോപത്തിനിരയായി പൂച്ചെടികളായി തീർന്ന ജലദേവതമാരും രാജാക്കന്മാരും ആയിരുന്നു, കല്സിത ബുദ്ധികളായ ദേവന്മാരിൽ നിന്നും ,അതിസുന്ദരിയായ തന്റെ മകളെ രക്ഷിക്കണമെന്ന ചിന്തയാണ് അവരെ അതിനു പ്രേരിപ്പിച്ചത്. ഹെയ്ഡിസ് എന്ന അധോലോക ദേവനോട് ഡെമെറ്റർ ദേവിക്ക് അതികഠിനമായ വെറുപ്പുണ്ട് , അമർഷമുണ്ട് ; മൂന്ന് പ്രധാന ദേവന്മാരിൽ ഒരുവനായതിനാൽ ഭയവുമുണ്ട് . പെർസെഫനി ജനിച്ചപ്പോൾ അവളുടെ ഭാവി എന്തായി തീരുമെന്നറിയുവാൻ ഡെമെറ്റർ ദേവി വിധി ദേവതമാരെ കാണാൻ പോയിരുന്നു. തന്റെ മകളുടെ ജീവനെ ഹെയ്ഡിസിന്റെ ജീവനുമായി കൂട്ടിത്തുന്നിയിട്ടുണ്ടെന്ന് അറിഞ്ഞപ്പോൾ തുടങ്ങിയ വെറുപ്പും അമർഷവുമാണ് ദേവിക്ക് .ആയിരാമാണ്ടുകൾ പ്രായമുള്ള ,നരകത്തിന്റെ ദേവനും രാജാവുമായ ഹെയ്ഡിസിന്റെ ഭാര്യയാവുന്നത് വെറും പതിനെട്ടു വയസ്സുമാത്രം പ്രായമുള്ള തന്റെ മകളോ? ഇല്ല ,ഒരിക്കലും താനത് അനുവദിക്കില്ല . മകൾ താമസിക്കുന്ന അപ്പാർട്ട്മെന്റിന് ചുറ്റും ഡെമെറ്റർ ദേവി നിയോഗിച്ച ജലദേവതമാരുണ്ട് ,അവൾ സഞ്ചരിക്കുന്ന വാഹനങ്ങളിൽ , കോഫീഷോപ്പുകളിൽ . വഴിയോരങ്ങളിൽ . ..പെർസെഫനിയുടെ സംശയം നിറഞ്ഞ നോട്ടം കാണുമ്പോൾ പതുങ്ങുന്ന, മനുഷ്യരൂപത്തിലുള്ള ജലദേവതമാർ, തന്റെ 'മമ്മ 'പറഞ്ഞയക്കുന്ന ചാരന്മാർ ആണെന്ന് പെർസെഫെനിക്ക് അറിയാം. കോഫിഷോപ്പിൽ വച്ച് ഒരുത്തിയെ കയ്യോടെ പിടിച്ചപ്പോൾ പെർസെഫനി കണ്ണുരുട്ടി .

" നീ എന്റെ അമ്മയോട് എന്തെങ്കിലും പറഞ്ഞാൽ ……"

"ഞാൻ കള്ളം പറഞ്ഞു എന്ന് ഡെമറ്റർ ദേവി അറിഞ്ഞാൽ അവരെന്നെ കൊല്ലും". ജലദേവത ഭയത്തോടെ പറഞ്ഞു ,

" ആരെയാണ് നിനക്ക് കൂടുതൽ ഭയം? എന്നെയോ അതോ അമ്മയെയോ?"

പെർസെഫനി തന്റെ ദേവതാരൂപം കാട്ടി ചോദിച്ചു. വെട്ടിത്തിളങ്ങുന്ന പച്ചനിറത്തിലുള്ള കണ്ണുകളും ,കൊമ്പുകളും കണ്ട് ജലദേവത ജീവനും കൊണ്ട് ഓടി .

മരിച്ചവരുടെ ദേവനായ ഹെയ്ഡിസിന്റെ ക്ലബ്ബ്കളെ കുറിച്ച് പെർസെഫനി ധാരാളം കേട്ടിട്ടുണ്ട് ,കോളേജിൽ ചേർന്നശേഷം. നെവർ നൈറ്റ് ക്ലബിൽ ചൂതു കളിയാണ് നടക്കുന്നത്.പണം, പ്രതാപം,പ്രണയം തുടങ്ങിയവക്കും ,മാരകാസുഖങ്ങൾ മാറിക്കിട്ടാനുമായി മനുഷ്യർ ഹെയ്ഡിസിനോട് അപ്പോയിന്റ്മെന്റ് എടുത്ത് നെവർ നൈറ്റിൽ പോകാറുണ്ട് .ചൂതുകളിയിൽ ഒരു മോർട്ടൽ (മനുഷ്യൻ)ജയിച്ചാൽ അവനോ അവളോ ആവശ്യപ്പെടുന്നത് , അതെന്തായാലും ഹെയ്ഡിസ് നൽകും.തോറ്റാൽ അവർക്ക് നഷ്ടമാവുന്നത് അവരുടെ ആത്മാവിനെ തന്നെ. ഭൂമിക്കടിയിലെ സകല രത്നങ്ങളുടെയും ലോഹങ്ങളുടെയും അധികാരിയായ ഹെയ്ഡിസിനു മനുഷ്യരുടെ പണമെന്തിന്? ഹെയ്ഡിസിനു തോറ്റ മനുഷ്യരുടെ ആത്മാക്കൾ തന്നെ വേണം.

പെർസെഫാനിക്ക് ഒരു റിപ്പോർട്ടർ ആവാനാണ് ആഗ്രഹം. “ന്യൂ ഏതൻസ് ന്യൂസ് “ എന്ന പത്രത്തിൽ അപ്രന്റീസ് ആകുവാൻ അപേക്ഷ അയച്ചശേഷം ,ഒരു മാസമേ അവൾക്ക് കാത്തിരിക്കേണ്ടി വന്നുള്ളൂ. ഇന്റർവ്യൂവിന് ക്ഷണം ലഭിച്ചപ്പോൾ ലക്സാക്ക് ആയിരുന്നു വലിയ സന്തോഷം.” നിനക്ക് ആ പോസ്റ്റ് തീർച്ചയായും ലഭിക്കും പെർസെഫനി “. ഒരൽപം ഇളക്കക്കാരിയാണെങ്കിലും നല്ല സുഹൃത്തായിരുന്ന ലക്സാ അവളെ പ്രോത്സാഹിപ്പിച്ചു.”നമുക്ക് മദ്യം കഴിച്ചു വേണം ആഘോഷിക്കാൻ .അതിൽ കുറഞ്ഞതൊന്നും എനിക്ക് വേണ്ട .”

എല്ലാ തിങ്കളാഴ്ചയും തന്നോടൊപ്പം ലഞ്ച് കഴിക്കാൻ വരണമെന്ന് ഒരു നിയമം ഡെമറ്റർ ദേവി മകളുമായി വച്ചിട്ടുണ്ട് . ലഞ്ചിനിരിക്കുമ്പോൾ മമ്മ തുടങ്ങും ദേവന്മാരെ കുറ്റം പറയാൻ. ഹെയ്ഡിസിനെയാണ് ഏറ്റവുമധികം കുറ്റം പറയുക. മനുഷ്യരെയും കുറ്റം പറയും. “എനിക്കി മനുഷ്യരെ ഇഷ്ടമേ അല്ല. എത്ര വേഗമവർ വയസ്സാകുമെന്നോ ....”

കുറ്റം പറയുന്നത് കേട്ട് കേട്ട് പെർസെഫെനിക്ക് മതിയായി. അവൾക്ക് മനുഷ്യരെ ഇഷ്ടമാണ് .അവളുടെ കൂട്ടുകാരി മനുഷ്യ പെൺകുട്ടിയാണ് .തിങ്കളാഴ്ച ദിവസങ്ങളിൽ മമ്മയോട് ഒപ്പമുള്ള ലഞ്ച് ഏതെങ്കിലുമൊക്കെ കാരണം പറഞ്ഞവൾ മുടക്കും.

“എനിക്ക് ലഞ്ചിന് വരാൻ സാധിക്കില്ല മമ്മാ . ടെസ്റ്റ് ഉണ്ട്. ഒരുപാട് പഠിക്കാനുണ്ട്. നന്നായി പഠിച്ചാൽ മൂന്ന് വര്ഷം കഴിയുമ്പോൾ എനിക്കൊരു നല്ല ജോലി കിട്ടും , ഏതെങ്കിലും ഒരു നല്ല പത്രത്തിൽ.”

“ജോലിയോ ? എന്ത് ജോലി ?നിനക്ക് ജോലി ചെയ്ത് ജീവിക്കേണ്ട ആവശ്യമില്ല.നീ മനുഷ്യസ്ത്രീയല്ല , എന്റെ മകളാണ് , ദേവതയാണ് .ജോലിപോലും!! ജുഗുപ്സാവഹം .”

പത്രമാഫീസിൽനിന്ന് വിളി വന്നു.” ഞങ്ങൾ നിങ്ങളെ അപ്രന്റീസായി തെരഞ്ഞെടുത്തിരിക്കുന്നു.” പെർസെഫനിക്കുണ്ടായ ആനന്ദത്തിനു അതിരില്ല. ഒരു പത്ര പ്രവർത്തക ആവണം ,നിരവധി ഇന്റർവ്യൂകൾ നടത്തണം ,മുഖ്യമായും അധോലോക രാജാവിനെ .മനുഷ്യരെ മോഹിപ്പിച്ച് ചൂതുകളിയിൽ തോല്പിച്ച് അവരുടെ ആത്മാക്കളെ നരകത്തിൽ കൊണ്ടുപോകുന്ന അയാളുടെ കള്ളി വെളിച്ചത്ത് കൊണ്ടുവരണം .

ജോലി ഒന്ന് സ്ഥിരമായിക്കോട്ടെ.

ലക്സാ നെവെർനൈറ്റ് ക്ലബ്ബിൽ പോകാൻ രണ്ട് ടിക്കറ്റുകൾ സംഘടിപ്പിച്ചു. “ഞാനില്ല ലക്സാ , മമ്മാ അറിഞ്ഞാൽ കുഴപ്പമാവും.”

“ ഓ പെർസെഫനി, ഞാനൊരു കാര്യം പറയാൻ മറന്നുപോയി. കഴിഞ്ഞ ദിവസം നിന്റെ മമ്മാ ഇവിടെ വന്നിരുന്നു. നിന്റെ മുറി കാണണമെന്ന് വാശി പിടിച്ചു . ഞാൻ മുറി തുറന്നുകൊടുത്തു.”

പെർസെഫനിയുടെ മുഖം വിളറി.മുറിക്കകത്ത് വല്ല മാജിക്കും മമ്മാ ഒളിപ്പിച്ച് വച്ചിട്ടുണ്ടാകും.ഷി ഈസ് ബാഡ്. ഞാനിതിന് പ്രതികാരം ചെയ്യും.

“ ലക്സാ ഞാനും നിന്നോടൊപ്പം നെവർനൈറ്റിൽ വരുന്നു. “ ( ടീനേജ് റെബെല്ലിയൻ )!!!

“ഓ! ഗ്രേറ്റ്!!!”

########################################################